## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6800

04.04.2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുന്നതിന് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിന് വായ്പ അനുവദിക്കുകയും, മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം ലേലം ചെയ്യുന്ന പദ്ധതിയാണ് നിലവിൽ സംഘങ്ങൾ നടത്തി വരുന്നത്. ഇതു വഴി മത്സ്യബന്ധന മേഖലയിൽ ഗ്രൂപ്പടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം സ്ഥാപിക്കാനും ഏകീകൃത രീതിയിൽ ലേലം സംഘടിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നിലവിൽ ഏകദേശം 350 കോടി രൂപയുടെ ലേലം നടത്തി വരുന്നു. |
| (ബി) | മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) | മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നത് സംബന്ധിച്ചുള്ള നിയമ നിർമ്മാണം സജീവ പരിഗണനയിലാണ്. |
| (സി) | ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതി വിജയപ്രദമാണോ; | (സി) | മത്സ്യഫെഡിന്റെ 31 ഫിഷ് മാർട്ടുകൾ വഴി മത്സ്യം വിപണനം ചെയ്തു വരുന്നു. മിക്കവാറും ഫിഷ് മാർട്ടുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | എൻ.എഫ്.ഡി.ബി-യുടെ സഹകരണത്തോടെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്ന പദ്ധതി ഇനിയും പൂർത്തിയാകാനുള്ളത് എവിടെയെല്ലാമാണ്; വിശദമാക്കാമോ? | (ഡി) | എൻ.എഫ്.ഡി.ബി യുടെ സഹകരണത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 37 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ പാങ്ങോട്, വിതുര, കോട്ടയം ജില്ലയിലെ കോടിമതാ എന്നീ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം ഇനിയും പൂർത്തിയാകാനുണ്ട്. |

സെക്ഷൻ ഓഫീസർ